# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5529 02.11. 2016 ൽ മറുപടിക്ക്

കെ.എസ്.ഇ.ബി.

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)സംസ്ഥാനത്ത് കെ.എസ്.ഇ.ബി.ക്ക് എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കമോ; 2012 നുശേഷം പുതിയതായി എത്ര സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് നിലവിൽ കെ.എസ്.ഇ.ബി.യിൽ 764 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. 2012-13-ൽ 32 സെക്ഷനുകളും, 2013-14-ൽ 18 സെക്ഷനുകൾ അനുവദിച്ചിരുന്നു. 2014-15-ൽ പുതിയ സെക്ഷനു- കളൊന്നും അനുവദിച്ചിരുന്നില്ല. 2015-16-ൽ അനുവദിച്ച 31 സെക്ഷനുകളിൽ 17 സെക്ഷനുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 14 സെക്ഷനുകൾ പ്രവർത്തനം ആരംഭിക്കാനുണ്ട്. |
| (ബി)കെ.എസ്.ഇ.ബി.യിൽ ലൈൻമാൻ, മസ്ദൂർ തസ്തികകളിലെ ജീവനക്കാരുടെ സേവനം യഥാസമയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) ജീവനക്കാരുടെ കുറവ് മൂലം ചില സ്ഥലങ്ങളിൽ ഉപഭോക്താക്കൾക്ക് യഥാസമയം സേവനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) 09.09.2016-ലെ T&P - EB(3b)/Gen/2016/SA/2016 നമ്പർ ഉത്തരവ് പ്രകാരം സീനിയർ അസിസ്റ്റന്റുമാരെ ഏതൊക്കെ തസ്തികയിലാണ് നിയമിച്ചിരിക്കുന്നതെന്ന വിവരം ലഭ്യമാക്കുമോ; | (സി) മറ്റ് തസ്തികകളിൽ നിയമിച്ചിട്ടില്ല. |
| (ഡി)കാഷ്യർ തസ്തികയിലെ ഒഴിവിലേക്ക് മറ്റേതെങ്കിലും തസ്തികയിലെ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; | (ഡി) 689 പേർക്ക് ചുമതല നല്കിയിട്ടുണ്ട്. |
| (ഇ)കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇവ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്ര; റിപ്പോർട്ട് ചെയ്യാത്തതിനുള്ള | (ഇ)504. [പി.എസ്.സി. വഴി നിയമിക്കേണ്ട 428, തസ്തിക മാറ്റം വഴി നിയമിക്കേണ്ട 76 (428 + 76)] കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 32800 ഓളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പള/ ആനുകൂല്യങ്ങൾ നൽകാനുള്ള |

| | |
|---|---|
| കാരണം വ്യക്തമാക്കുമോ? | സാമ്പത്തിക അനുമതി മാത്രമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിലവിൽ 5625 ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെ ആയതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ആവശ്യം വേണ്ട തസ്തികകളും ജീവനക്കാരുടെ എണ്ണവും പുനർവിന്യാസവും ഉൾപ്പെടെ വിശദമായ പഠനം നടത്തുന്നതിന് IIM കോഴിക്കോടിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. പഠന റിപ്പോർട്ട് വിശകലനം ചെയ്ത് ഒരു തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തി നിയമനങ്ങൾ നടത്താൻ കഴിയൂ. |

സെക്ഷൻ ഓഫീസർ